## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2127

12.02.2013-ലെ മറുപടി പറയേണ്ടിയിരുന്നത്.

### കോടതി വിധി പറയാനുള്ള സ്ത്രീപീഡനക്കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീപീഢന കേസ്സുകളിൽ എത്രയെണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ;<br><br>(ബി) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്രയെണ്ണം കോടതിയിൽ വിധി പറയാനായി ബാക്കിയുണ്ടെന്ന് അറിയിക്കാമോ; | : (എ) & (ബി)<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.01.2013 വരെ ആകെ 493 സ്ത്രീപീഢന കേസുകളിൽ ശിക്ഷ വിധിക്കപ്പെട്ടിട്ടുണ്ട്. 12399 കേസുകളിൽ വിധി പറയാനുണ്ട്. |
| (സി) സ്ത്രീപീഢന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾക്കായി എറണാകുളത്ത് സർക്കാർ ഉത്തരവ് (എം.എസ്) 13/2013/ആഭ്യന്തരം തീയതി 18.01.2013 പ്രകാരം ഒരു അഡീഷണൽ ഡിസ്ട്രിക്ട് & സെക്ഷൻസ് കോടതി (അതിവേഗ കോടതി) സ്ഥാപിച്ചുത്തരവായിട്ടുണ്ട്. പ്രസ്തുത കോടതി 27.01.2013 മുതൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരത്തും, കോഴിക്കോട്ടും ഇപ്രകാരം കോടതികൾ തുടങ്ങാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ